"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ നിയമനത്തിന് EWS സംവരണ മാനദണ്ഡങ്ങളിൽ ഭൂവിസ്തൃതി കണക്കാക്കുന്നത് സംബന്ധിച്ച് ശ്രീ. ജസ്റ്റിൻ പള്ളിവാതുക്കൽ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.43519/2024 മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

G.O.(Ms) No.23/2024/P&ARD തീയതി,തിരുവനന്തപുരം, 27-11-2024

---

പരാമർശം:-

1. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 20013/01/2018-BC-II നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.
2. കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ (ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 2019 ജനുവരി 19-ാം തീയതിയിലെ 36039/1/2019-Estt (Res.) നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.
3. സ.ഉ. (കൈ) നം. 52/2019/പൊ.ഭ.വ. തീയതി: 14/03/2019.
4. 2022 സെപ്റ്റംബർ 19-ാം തീയതിയിലെ 43011/11/2022-Estt (Res-II) നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.
5. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ സമർപ്പിച്ച 25.09.2023 തീയ്യതിയിലെ നിവേദനം.
6. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) No.43519/2023-മേലുള്ള 29.02.2024 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

103-ാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗക്കാർക്ക് (Economically Weaker Sections) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (1), (2) മെമ്മോറാണ്ടങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ നിയമനത്തിനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പ്രസ്തുത സംവരണം നടപ്പിലാക്കിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പരാമർശം (3) പ്രകാരമുള്ള ഉത്തരവിലെ ഭൂവിസ്തൃതി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി

Revenue Friends

പരാതികൾ ലഭിക്കുകയുണ്ടായി. ആയത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കേന്ദ്ര സർക്കാർ സർവീസിലും സ്ഥാപനങ്ങളിലും EWS ആനുകൂല്യം ലഭ്യമാക്കുന്നതിലേക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തിക്കൊണ്ട് പരാമർശം (4) പ്രകാരം കേന്ദ്ര സർക്കാർ ഒരു FAQ പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (4) ലെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച FAQ-ലെ ചോദ്യം 9-ന് നൽകിയ ഉത്തരവ് പ്രകാരം ഫ്ലാറ്റുകൾ ആണെങ്കിൽ ഫ്ലാറ്റുകളുടെ Built up area-യും ഹൗസ് പ്ലോട്ടുകളാണെങ്കിൽ അതിന്റെ covered area-യും പഞ്ചായത്ത് / മുനിസിപ്പാലിറ്റി നിയമമനുസരിച്ചുള്ള uncovered area-യും മാത്രം റസിഡൻഷ്യൽ ഏരിയ ആയി കണക്കാക്കുമെന്നും അതിനോട് ചേർന്ന് കിടക്കുന്ന കൃഷികാര്യങ്ങൾക്കുപയോഗിക്കുന്ന സ്ഥലം കൃഷിസ്ഥലമായി പരിഗണിക്കാവുന്നതാണെന്നും പറയുന്നു. തദനുസൃതമായ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കാത്തതിനാൽ കേന്ദ്ര EWS സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ മടക്കുകയാണ് എന്ന് ചൂണ്ടിക്കാട്ടി അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ എന്നവർ പരാമർശം (5) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. പരാമർശം 3-ാമതായി വായിച്ച ഉത്തരവ് പ്രകാരം കേന്ദ്ര EWS മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് രണ്ടാം എതിർകക്ഷി ആയതിനാൽ ടിയാന്റെ അപേക്ഷ പൊതുഭരണ വകുപ്പിന് കൈമാറി നൽകിയിരുന്നു. അതേസമയം ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ടിയാൻ ബഹു. ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു. തുടർന്ന് EWS സംബന്ധിച്ച FAQ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിഷയം രണ്ട് മാസത്തിനകം പരിഗണിക്കുവാൻ പരാമർശം (6) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായി.

Revenue Friends

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏതൊരു പ്ലോട്ടിലും നിർമ്മാണം നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളാണ് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉള്ളത്. ഒരു പ്ലോട്ടിൽ നടത്തുന്ന നിർമ്മാണത്തിന്റെ ഉപയോഗം, വിസ്തൃതി എന്നിവയ്ക്ക് അനുസൃതമായിട്ടാണ് പ്രസ്തുത നിർമ്മാണത്തിന് പ്ലോട്ടിന്റെ അതിരുകളിൽ നിന്നും പാലിക്കേണ്ട ദൂരം കണക്കാക്കുന്നത്. നിർമ്മാണം നടത്തുമ്പോൾ നിർമ്മാണത്തിന്റെ മൊത്തം വിസ്തീർണത്തെ built up area ആയി കണക്കാക്കുന്നു. ഒരു നിർമ്മാണത്തിന്റെ building foot print-നെ covered area ആയും പരിഗണിക്കുന്നു. നിർമ്മാണത്തിന് പുറമെ പ്ലോട്ടിൽ ലഭ്യമായ സ്ഥലത്താണ് നിർമ്മാണത്തിന് ചട്ടപ്രകാരം ആവശ്യമായ set back, parking spaces, drive ways, loading / unloading spaces, recreational area എന്നിങ്ങനെയുള്ള അനുബന്ധ സൗകര്യങ്ങൾക്കുള്ള സ്ഥലവും നൽകുന്നത്. കെട്ടിടത്തിന്റെ Covered area-യും ചട്ടപ്രകാരം mandatory ആയി നൽകേണ്ടുന്ന ഇത്തരം സൗകര്യങ്ങൾക്ക് ആവശ്യമായ സ്ഥലവും ഒഴിച്ച് പ്ലോട്ടിൽ ബാക്കി വരുന്ന സ്ഥലത്ത് കൃഷി പോലെയുള്ള പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാവുന്നതാണ് എന്ന് കാണുന്നു.

4. മേൽ വിവരിച്ച സാഹചര്യത്തിൽ EWS ആവശ്യങ്ങൾക്ക് ഭൂവിസ്തൃതി കണക്കാക്കുമ്പോൾ Kerala Municipality Building Rules 2019-ലെ ചട്ടം 26-ന് താഴെ 4-ാം നമ്പർ പട്ടികയിലും, Kerala Panchayat Building Rules 2019-ലെ ചട്ടം 26-ന് താഴെ 4-ാം നമ്പർ പട്ടികയിലും പറഞ്ഞിട്ടുള്ള വിസ്തൃതിയിലുള്ള കെട്ടിടങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള Set Back ഏരിയ കണക്കാക്കിയ ശേഷം അതും Build-up ഏരിയയും covered ഏരിയയും ചേർന്നുള്ള ഭാഗം ഒഴിച്ച് ബാക്കി ഭൂമി കൃഷി ഭൂമിയായി കണക്കാക്കാവുന്നതാണെന്നും ഉത്തരവാകുന്നു.

Please Note

5. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (6)-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം അപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുകൾക്കും, വകുപ്പ് മേധാവികൾക്കും, നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം)
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.
പൊതുഭരണ (ഏകോപനം) വകുപ്പ് (CDN4/51/2019-GAD നമ്പർ ഫയൽ പ്രകാരം).
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്).
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Revenue Friends